**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 904** **12-06-2024 - ൽ മറുപടിയ്ക്ക്**

**കാവശ്ശേരി കെൽപാം മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെൽപാം മോഡേൺ റൈസ് മില്ലിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കാനാകും; വ്യക്തമാക്കാമോ? | (എ) | കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെൽപാം മോഡേൺ റൈസ്മിൽ പ്രവർത്തന സജ്ജമാക്കുന്നതിന് DPR പ്രകാരം കെൽപാമിന് നൽകാനുള്ള തുക എത്രയാണെന്ന് പരിശോധിച്ച് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽപാം 1,59,68,290/- രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു . തരൂർ നിയോജകമണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ അവലോകനത്തിനായി 15/02/2024-ൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം കെൽപാം മോഡേൺ റൈസ്മിൽ കമ്മീഷൻ ചെയ്യുന്നതിന് KEL തയ്യാറാക്കിയ 2 റിവൈസ്ഡ് എസ്റ്റിമേറ്റുകളും കെൽപാം ബോർഡ് പരിശോധിച്ച് reconcile ചെയ്ത് ഇതുവരെ ചെയ്ത പ്രവൃത്തികളും എന്തുകൊണ്ട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു എന്നതും വിലയിരുത്തി വ്യക്തമായ ശിപാർശയോടു കൂടിയ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് കെൽപാം മാനേജിംഗ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറക്ക് തുടർനടപടി സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ